# കെ.പി.എം
# ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂൾ

(അൺ എയ്ഡഡ്)

**ചെറിയവെളിനല്ലൂർ**

ഫോൺ: 0474-2467300

**2025-26**

# അക്കാദമിക മാസ്റ്റർ പ്ലാൻ

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

# ആമുഖം

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ ചെറിയവെളിനല്ലൂർ വാർഡിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ആയൂർ-ഇത്തിക്കര റോഡിൽ റോഡുവിള ജംഗ്ഷനിൽ നിന്നും 500 മീറ്റർ മാറിയാണ് സ്കൂൾ നിൽക്കുന്നത്. ഡോ. കെ.മണി (കാവടിയിൽ വില്ല, റോഡുവിള) അവർകളുടെ മാനേജ്മെന്റി ലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. മത ന്യൂനപക്ഷങ്ങളും പട്ടികജാതി വിഭാഗക്കാരും അതിവസിക്കുന്ന പ്രദേശമാണെങ്കിലും ധാരാളം കുട്ടികൾ ഈ സ്കൂളിൽ പഠനത്തിനായി എത്തുന്നുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാ രംഗത്തും കായിക രംഗത്തും മികവ് പുലർത്തുവാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തി വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ വൈവിദ്ധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി പി.ടി.എ, മദർ പി.ടി.എ, സ്കൂൾ വികസന സമതി തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സ്കൂൾ പ്രവേശനോത്സവം, ഓണം, ക്രിസ്തുമസ്, പെരുന്നാൾ, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, റിപ്പബ്ലിക് ദിനം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും സാന്നിധ്യം ഉറപ്പുവരുത്തി റാലികൾ, സെമിനാറുകൾ, ആഘോഷങ്ങൾ നടത്തുന്നു.

# വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

കഴിഞ്ഞ വർഷം നടന്ന വെളിയം ഉപജില്ല ശാസ്ത്രമേളയിലെ പ്രവർത്തി പരിചയമേളയിൽ നാലാം സ്ഥാനവും കരസ്ഥമാക്കി. കലോത്സവത്തിൽ എൽ.പി വിഭാഗത്തിൽ II$^{nd}$ഓവറോളും അറബിക് കലോത്സവത്തിൽ I$^{st}$ ഓവറോളും നേടാൻ കഴിഞ്ഞു. സബ്ജില്ലാ കായിക മത്സരങ്ങളിൽ മിടുക്കരായ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. ക്ലാസ് തലത്തിൽ ബെസ്റ്റ് സ്റ്റുഡന്റിന് എന്റോമെന്റുകളും ട്രോഫികളും നൽകി. രക്ഷാകർത്താക്കളും കുട്ടികളും ചേർന്ന് **'അമൃതോത്സവം'** സിനിമ ആർട്ടിസ്റ്റ് പൂമ്പാറ്റ ഉദ്ഘാടനം ചെയ്തു. വേനൽ അവധിക്കാലത്ത് സമീപ പ്രദേശത്തെ കുട്ടികളെയും ഉൾപ്പെടുത്തി രണ്ട് ദിവസത്തെ ചെസ്സ് പരിശീലന ക്യാമ്പ് നടത്തി.

ഇടവേളകൾ ഉല്ലാസകരമാക്കാനായി ചിൽഡ്രസ് പാർക്കും ഔഷധ തോട്ടവും, പൂന്തോട്ടവും നിർമ്മിച്ചു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളുടെ കഴിവ് കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും വളർത്തിയെടുക്കാനും സന്നദ്ധരായ അധ്യാപകരുടെ കൂട്ടായ പ്രവർത്തനങ്ങളാണ് നമ്മുടെ സ്കൂളിനെ മികവുറ്റതാക്കുന്നത്.

# ലക്ഷ്യങ്ങൾ

| നടപ്പു അധ്യയന വർഷ പ്രവർത്തന ലക്ഷ്യങ്ങൾ | ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ | ദീർഘകാല പ്രവർത്തന ലക്ഷ്യങ്ങൾ |
|---|---|---|
| * ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. | വിദ്യാർത്ഥികളുടെ താൽപ്പര്യം, കഴിവ് അഭിരുചി എന്നിവയ്ക്കനുസരിച്ചുള്ള പ്രവർത്തന കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. | രക്ഷകർതൃ സഹകരണം ഉറപ്പാക്കി പഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നു. |
| * സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിപ്പാട്ടം, ഉദ്യാനം....) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുന്നു. | ജൈവ വൈവിധ്യ ഉദ്യാന വികസനം | മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക. |
| * കാർഷിക സംസ്കാരം വളർത്തി എടുക്കുന്നു. | ഉദ്ഗ്രഥിത കൃഷിരീതികൾ പരിചയപ്പെടുത്തൽ | പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ കൂടുതൽ നിർമാണം |

| നടപ്പു അധ്യയന വർഷ പ്രവർത്തന ലക്ഷ്യങ്ങൾ | ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ | ദീർഘകാല പ്രവർത്തന ലക്ഷ്യങ്ങൾ |
|---|---|---|
| * ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തിനെ സജ്ജമാക്കുന്നു. ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാകുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. | വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നു. ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം സൃഷ്ടിക്കുന്നു. | വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നു.<br><br>ടാലന്റ് ലാബ് പരിപോഷണം |

| നടപ്പു അധ്യയന വർഷ പ്രവർത്തന ലക്ഷ്യങ്ങൾ | ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ | ദീർഘകാല പ്രവർത്തന ലക്ഷ്യങ്ങൾ |
|---|---|---|
| * ലോക ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിക്കുന്നു. | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നു. | ICT ക്ലാസുകളുടെ നിരന്തര ഉപയോഗം |
| * കളിസ്ഥലം, ശുചിമുറികൾ നവീകരണം, കായിക അധ്യാപകരുടെ സേവനം ഉറപ്പിക്കൽ | വ്യത്യസ്ഥ ഗെയിംസിന് ആവശ്യമായ കോർട്ടുകൾ, നിർമ്മിക്കൽ.<br>* ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളുടെ നിർമാണം. | പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |
| * വിദ്യാർത്ഥികളും-വിദ്യാർത്ഥികളും തമ്മിലുള്ള വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും-അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അധ്യാപകരുടെയും, പി.ടി.എയുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെയുള്ള പഠനപ്രവർത്തനങ്ങൾ വികസിപ്പിക്കുന്നു. | രക്ഷകർതൃ സഹകരണം ഉറപ്പാക്കുന്നു. |

| നടപ്പു അധ്യയന വർഷ പ്രവർത്തന ലക്ഷ്യങ്ങൾ | ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ | ദീർഘകാല പ്രവർത്തന ലക്ഷ്യങ്ങൾ |
|---|---|---|
| * പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. | പഠന പിന്നോക്കാവസ്ഥ നിരന്തര ഇടപെടലുകളിലൂടെ ഇല്ലാതാക്കുന്നു. | പഠന പിന്നോക്കാവസ്ഥ പരിഹരിച്ചു പഠന നിലവാരം ഉയർത്തി |
| * ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു. | സ്കൂൾ തലത്തിൽ പരിശീലനങ്ങൾക്ക് വൈദഗ്ധ്യമുള്ള റിസോഴ്സ് ടീമിനെ സജ്ജമാക്കുന്നു. | അധ്യാപക പരിശീലനത്തിനായി വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സഹായം ഉറപ്പാക്കാം. |

## മേഖല- അക്കാദമികം

### ഉപമേഖല- ഭാഷ

### ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷ ശേഷി വികസനം | 1. കുട്ടികവിതകളും കഥകളും ഉൾപ്പെടുത്തി സംഘം ചേർന്ന് അവതരിപ്പിക്കൽ | ദീർഘകാലം | ക്ലാസ്സ് ടീച്ചർ | |
| | 2. ചെറുവാക്കുകൾ, പേര് എന്നിവ എഴുതാനും തിരിച്ചറിയാനുമുള്ള കഴിവ് നേടുന്നു.<br>3. അക്ഷര മരങ്ങൾ നിർമ്മിക്കുക. | ജൂലൈ ആഗസ്റ്റ് ഡിസംബർ മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഭാഷ

## ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ വ്യവഹാരം രൂപങ്ങളിലുള്ള രചനാമികവ് | 1. എഴുത്തുകാരെ പങ്കെടുപ്പിച്ച് രചനയിലേയ്ക്ക് നയിക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കാം. | ദീർഘകാലം | ക്ലാസ്സ് ടീച്ചർ | |
| സർഗശേഷി വികസിപ്പിക്കൽ | 2. ലഘു കവിതകൾ തയ്യാറാക്കൽ, അവതരണം | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| | 3. മാതൃഭാഷയിൽ ശക്തമായ അടിത്തറ കെട്ടിപ്പടുക്കൽ | ഡിസംബർ ജനുവരി | ക്ലാസ്സ് ടീച്ചർ | |
| | 4. ഡയറി എഴുതിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഭാഷ

## ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന, പ്രഭാഷണം തുടങ്ങിയ കഴിവുകളുടെ പരിപോഷണം | 1. വായനാക്കളരി | ആഴ്ചയിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |
| | 2. ഐ.സി.റ്റി ക്ലാസുകളുടെ സഹായത്തോടെയുള്ള പ്രദർശനങ്ങൾ( ഡിജിറ്റൽ സാക്ഷരത) | മാസത്തിൽ രണ്ട് ജൂൺ, ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| കയ്യെഴുത്ത് നന്നാക്കുക. | 1. മത്സരങ്ങൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| | 2. ഡയറി എഴുതിപ്പിക്കൽ | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | |
| സാഹിത്യ മേഖലയിലെ പ്രതിഭകളെ പരിചയപ്പെടുത്തൽ | പുസ്തക ശേഖരണം, പ്രദർശനം | നവംബർ | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഭാഷ

## ക്ലാസ്- IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാമരം | നന്നായി വായിക്കാനും എഴുതുവാനും അറിയുന്ന കുട്ടികൾക്കായി ഒരു വായനാമരം. | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | |
| | മരത്തിനു ചുറ്റും വാക്യ കാർഡുകൾ നൽകി വാക്യനിർമ്മാണം. | | ക്ലാസ്സ് ടീച്ചർ | |
| വായിക്കാൻ അറിയാത്ത കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റുക. | അക്ഷര കാർഡ്,അക്ഷര ചിത്രം, അക്ഷര പാട്ട് | ദീർഘകാലം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| പത്രവാർത്തകൾ ആനുകാലികങ്ങൾ വായിച്ച് അറിവ് നേടുക. | എല്ലാ ദിവസവും പാത്രവായന നടത്തുക.<br>ആഴ്ചയിലൊരിക്കൽ പത്ര ക്വിസ് നടത്തുക. | ദീർഘകാലം | ക്ലാസ്സ് ടീച്ചർ | |
| എഴുതുവാനുള്ള ശേഷി വർദ്ധിപ്പിക്കൽ | പദച്ചാർട്ടുകളുടെ നിർമ്മാണം.<br>ഗ്രൂപ്പ് വായന. | ദീർഘകാലം | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗശേഷി വർദ്ധിപ്പിക്കൽ | സാഹിത്യകരാന്മാരുമായി കത്തുമൂലം സംവദിക്കൽ | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |
| കണ്ടറവ് വർദ്ധിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ. | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ | ഓർമ്മദിനങ്ങൾ ആചരിക്കൽ, പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുക. | 1. കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| | 2. അമൃതോത്സവം സംഘടിപ്പിക്കുക. (രക്ഷിതാക്കളുടെ കലാമത്സരങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| | 3. ഡയറി എഴുതിപ്പിക്കൽ | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | |

## മേഖല- അക്കാദമികം

## ഉപമേഖല- ഇംഗ്ലീഷ്

## ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷ പോലെ തന്നെ ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | കാർട്ടൂൺ പ്രദർശനം | വർഷത്തിൽ ഒന്ന് എന്ന ക്രമം | ക്ലാസ്സ് ടീച്ചർ | |
| | * സ്വന്തം പേരും ലളിതമായ വാക്കുകളും തിരിച്ചറിയാനും വായിക്കാനും പഠിക്കുക. | ജൂൺ ജൂലൈ | ക്ലാസ്സ് ടീച്ചർ | |
| | * വാക്കുകളിലെ ശബ്ദങ്ങൾ പരിചയപ്പെടുന്നു. | ആഗസ്റ്റ് ജനുവരി | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഇംഗ്ലീഷ്

## ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഇംഗ്ലീഷ് വായനയിൽ ആത്മവിശ്വാസം വളർത്തുക. | * ഇംഗ്ലീഷ് അംസബ്ലി | മാസത്തിൽ രണ്ട് | ക്ലാസ്സ് ടീച്ചർ | |
| * ആശയ വിനിമയത്തിനായി ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുക. | * Let's talk പ്രഗത്ഭരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| | | | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം

## ഉപമേഖല- ഇംഗ്ലീഷ്
## ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ലളിതമായ ചോദ്യങ്ങൾക്ക് സംവദിക്കാൻ ഇംഗ്ലീഷ് ഉപയോഗിക്കുക. | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| * ആശയമറിഞ്ഞുള്ള വായന. | ബാലപ്രസിദ്ധീകരങ്ങളുടെ വായന | ജനുവരി ജൂൺ | ക്ലാസ്സ് ടീച്ചർ | |
| ഭാഷാ വൈദഗ്ദ്ധ്യം | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- ഇംഗ്ലീഷ്
## ക്ലാസ്- IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വായിക്കാൻ അറിയാത്ത കുട്ടികൾക്ക് വായന ശേഷി വർദ്ധിപ്പിക്കൽ | പദചാർട്ട് ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പഠന പ്രവർത്തനങ്ങൾ | ജൂൺ-ജനുവരി (വർഷം മുഴുവൻ) | ക്ലാസ്സ് ടീച്ചർ | |
| * സ്പോക്കൺ ഇംഗ്ലീഷ് പ്രോഗ്രാം | ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും കഴിവ് വർദ്ധിപ്പിക്കുന്നു. കംമ്പ്യൂട്ടർ സഹായം തേടുന്നു. | ജൂൺ-ജനുവരി (വർഷം മുഴുവൻ) | ക്ലാസ്സ് ടീച്ചർ | |
| * വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നിതിനുള്ള അവസരം നൽകൽ | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ. | ജൂൺ | ക്ലാസ്സ് ടീച്ചർ | |
| | വായനാക്കുറിപ്പുകൾ വായിക്കൽ | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| * ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തൽ (English Assembly) | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികളുടെ പൂർണ നിയന്ത്രണത്തിലുള്ള അസംബ്ലി ചേരൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * തെറ്റുകൾ വരുത്താതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി വർദ്ധിപ്പിക്കൽ. | നിത്യവും വിദ്യാലയത്തിലും വീട്ടിലും നടത്തുന്ന പ്രവർത്തന ങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുക. | വർഷം മുഴുവൻ (ആഴ്ചയിൽ 3 ദിവസം) | ക്ലാസ്സ് ടീച്ചർ | |
| * പത്രവായന | ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉറപ്പു വരുത്തുന്നതിനായി ആഴ്ചയിലൊ രിക്കൽ ക്ലാസിൽ ഇംഗ്ലീഷ് വാർത്ത അവതരിപ്പിക്കാനുള്ള അവസരം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| അടിസ്ഥാന ഭാഷ ശേഷി വികസനം | 1. കുട്ടികവിതകളും കഥകളും ഉൾപ്പെടുത്തി സംഘം ചേർന്ന് അവതരിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| | 2. ചെറുവാക്കുകൾ, പേര് എന്നിവ എഴുതാനും തിരിച്ച റിയാനുമുള്ള കഴിവ് നേടുന്നു. | ജൂലൈ ആഗസ്റ്റ് ഡിസംബർ മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |
| | 3. അക്ഷര മരങ്ങൾ നിർമ്മിക്കുക. | | | |

# മേഖല- അക്കാദമികം

## ഉപമേഖല- പരിസര പഠനം

## ക്ലാസ്-1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈവിധ്യമാർന്ന ഭക്ഷ്യ വസ്തുക്കളെക്കുറിച്ചും മികച്ച ആഹാര ശീലങ്ങളെ കുറിച്ചുമുള്ള അവബോധം.<br><br>നമ്മുടെ ചുറ്റുപാടുകളെ ക്കുറിച്ചുള്ള പ്രകൃതിയെ കുറിച്ചും അറിയുന്നതിനും ആസ്വദിക്കുന്നതിനും | കുട്ടികൾക്ക് പരിചിതമായ നാടൻ വിഭവങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഭക്ഷ്യമേള.<br><br>സ്കൂൾ പരിസരത്ത് ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br><br>ഡിസംബർ<br>ജനുവരി | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം

## ഉപമേഖല- പരിസര പഠനം

## ക്ലാസ്-II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ശീലങ്ങൾ ആർജ്ജിക്കുകയും നിത്യ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. | വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട കവിത/ കഥ എന്നിവയിലൂടെ പഠന സന്ദർഭം ഒരുക്കുന്നു. | ജൂൺ<br>ജൂലൈ | ക്ലാസ്സ് ടീച്ചർ | |
| പ്രകൃതിയെ അറിയാം | ചുറ്റുപാടുമുള്ള ജീവികളുടെ നിരീക്ഷണം.<br>കാഴ്ചബംഗ്ലാവിലേക്കുള്ള പഠനയാത്ര. | സെപ്റ്റംബർ<br>ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| നാടിനെ അറിയാൻ നാട്ടറിവുകളും | സ്കൂൾ സമീപത്തെ കൃഷിയിടത്തേക്കുള്ള സന്ദർശനം.<br>കർഷകരുമായുള്ള സംഭാഷണം | ജനുവരി | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം

## ഉപമേഖല- പരിസര പഠനം

## ക്ലാസ്-III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുമുള്ള ജീവികളുടെ നിരീക്ഷണം. അവയിലെ വൈവിധ്യങ്ങളെ തിരിച്ചറിയുന്നു. | ICT ഉപയോഗിച്ച് വ്യത്യസ്ത തരം ജീവികളുടെ ചിത്രം വിഡീയോ പ്രദർശനം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| ശാരീരിക മാനസിക ആരോഗ്യത്തിന് കൂട്ടുചേർന്നുള്ള കളികൾ, ഉറക്കം എന്നിവയുടെ പ്രാധാന്യം. | സംഘം ചേർന്നുള്ള വിവിധയിനം കളികൾ, സംഘടിപ്പിക്കൽ | ഒക്ടോബർ<br>നവംബർ | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ അഭിരുചി വളർത്തൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>കുറിപ്പ് തയ്യാറാക്കുന്നു. | ഒഡിസംബർ<br>ജനുവരി | ക്ലാസ്സ് ടീച്ചർ | |

# മേഖല- അക്കാദമികം

## ഉപമേഖല- പരിസര പഠനം

## ക്ലാസ്-IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസര നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ജൈവവനം, കുളങ്ങൾ എന്നിവ നിരീക്ഷക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| ഭൂപട വായനയും പരിചയപ്പെടുത്തലും | ഭൂപട വായനയിലൂടെ ഇന്ത്യയുടെ സംസ്ഥാനങ്ങളെ തിരിച്ചറിയലും, സൂചിക തയ്യാറാക്കലും. | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| **ശാസ്ത്രോത്സവം**<br>ശാസ്ത്ര പഠനത്തിലൂടെ ആർജ്ജിച്ച അറിവുകളുടെ പ്രദർശനവും പ്രയോഗവും | ശാസ്ത്രക്വിസ്, ചാർട്ടുകൾ, ആൽബം, പഠനോപകരണങ്ങൾ, ശേഖരണം, ലഘു പരീക്ഷണങ്ങൾ അവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | |
| **ശാസ്ത്രപതിപ്പ്**<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെയും ലഘു ലേഖകളുടെയും ശേഖരണം | സയൻസ് പാർക്ക്, കാഴ്ച ബംഗ്ലാവ്, മ്യൂസിയം, പ്ലാനറ്റോറിയം, ഡാം എന്നിവ സന്ദർശിക്കൽ | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ശാസ്ത്ര പഠനയാത്ര**<br>ശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിപ്പിക്കുന്നിതിനും, കുട്ടികളി അന്വേഷണ മനോഭാവം വളർത്തുന്നതിനും | ശാസ്ത്ര പതിപ്പിന്റെ നിർമ്മാണം | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| **ശാസ്ത്ര മൂല**<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനത്തിനും, പരീക്ഷണത്തിനും ആവശ്യമായ സാധനങ്ങൾ ശേഖരിക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ ഉറപ്പ് വരുത്തുന്നു. | പ്രീടെസ്റ്റ് നടത്തി കണ്ടെത്തിയ പരിമിതികൾ പൂർത്തികരിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| * അറബി ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ചെറുകഥകൾ, ഗാനങ്ങൾ, പ്രസംഗങ്ങൾ, ഷോർട്ട് ഫിലിം എന്നിവ കംമ്പ്യൂട്ടർ പ്രൊജക്ടർ എന്നിവയുടെ സഹായത്തോടെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |
| * കലോത്സവങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | ജൂൺ ആദ്യവാരം മുതൽ തന്നെ എല്ലാ കുട്ടികൾക്കും അവരുടെ അഭിരുചിക്കനുസരിച്ചുള്ള സൃഷ്ടികൾ കൊടുക്കുകയും എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് കൊണ്ട് നല്ല രീതിയിൽ അറബിക് കലോത്സവം നടപ്പിലാക്കുന്നു. വിജയിച്ച കുട്ടികൾക്ക് സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

**മേഖല- അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും ഗണിത പാട്ടുകൾ ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത പസിൽ നിർമാണം<br>2. ജ്യാമിതീയ രൂപം ചാർട്ട് നിർമാണം | 1.ജൂൺ, ആഗസ്റ്റ്<br>2. സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം
## ഉപമേഖല - ഗണിതം
## ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്തയെ പരി പോഷിപ്പിക്കൽ | പ്രതിദിന ചോദ്യാവലി (കുസൃതിചോദ്യങ്ങൾ, ഗണിത പസിലുകൾ)<br>ഗണിത ക്യാമ്പ് (പ്രവർത്തനങ്ങളിലൂടെ) | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം
## ഉപമേഖല - ഗണിതം
## ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ രൂപസൗന്ദര്യം മനസ്സിലാക്കാൻ<br><br>ഗണിത ലളിതമാക്കാം കളിയിലൂടെ | ഒറിഗാമി പ്രവർത്തനം<br><br>ഗണിത പഠനം രസകരമായ പ്രവർത്തനങ്ങളിലൂടെയുള്ള ആസൂത്രണം<br><br>ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം<br><br>ഗണിതോത്സവം | ഒക്ടോബർ<br><br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | |

## മേഖല- അക്കാദമികം
## ഉപമേഖല - ഗണിതം
## ക്ലാസ്- IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| <u>പഠിക്കാം ഗണിക്കാം</u><br>ഗണിത പഠനം ലളിതമാക്കൽ (ക്രിയാപ്രവർത്തനം) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. മൂല്യനിർണയം (മഞ്ചാടി, അച്ചിങ്ങ, തീപ്പെട്ടി കൊള്ളി ഉപയോഗിച്ച് കളികൾ,സങ്കലനം, വ്യവകലനം, ഗുണനം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| ഒറിഗാമിയിലൂടെയുള്ള പഠനം<br>ഗണിതകേളി | ഒറിഗാമി രൂപ നിർമാണം. പ്രദർശനം. | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| <u>**ഗണിത ലാബ്**</u><br>ഗണിതപാഠ പ്രവർത്തനം | ഗണിതലാബ് പഠന ഉപയോഗം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| <u>**ഗണിത ചാർട്ട്നിർമാണം**</u><br>ഗണിത രൂപങ്ങളുടെ വിവരണം | ചാർട്ട് ഒരുക്കൽ<br>ഉപയോഗം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| <u>**ഗണിത ശില്പശാല**</u><br>ഉപകരണ നിർമാണം<br>ഗണിതപഠനം | പാഠഭാഗങ്ങളെ ബന്ധപ്പെടുത്തി നിർമാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| ഗണിത കഴിവുകളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ<br>പാറ്റേണുകൾ<br>ചിന്താ പ്രവർത്തനം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

# അറബി ഭാഷ പഠനം–എൽ.പി
## ക്ലാസ്– I to IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും അറബി ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വികസിപ്പിക്കൽ | ഓഡിയോ, വീഡിയോ പ്രദർശനത്തിലൂടെ അറബിക് സംഭാഷണം കുട്ടികളെ പരിശീലിപ്പിക്കുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |
| * വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുന്നു | ക്ലാസ്സ് ലൈബ്രറികളിൽ അറബിക് പുസ്തകങ്ങൾ ഉറപ്പാക്കുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |
| * വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മുല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ ഉറപ്പ് വരുത്തുന്നു. | പ്രീടെസ്റ്റ് നടത്തി കണ്ടെത്തിയ പരിമിതികൾ പൂർത്തീകരിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നു | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അറബിഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ചെറുകഥകൾ, ഗാനങ്ങൾ, പ്രസംഗങ്ങൾ, ഷോർട്ട് ഫിലിം എന്നിവ കംമ്പ്യൂട്ടർ പ്രൊജക്ടർ എന്നിവയുടെ സഹായത്തോടെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |
| * കലോത്സവങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | ജൂൺ ആദ്യവാരം മുതൽ തന്നെ എല്ലാ കുട്ടികൾക്കും അവരുടെ അഭിരുചിക്കനുസരിച്ചുള്ള സൃഷ്ടികൾ കൊടുക്കുകയും എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് കൊണ്ട് നല്ല രീതിയിൽ അറബിക് കലോത്സവം നടപ്പിലാക്കുന്നു. വിജയിച്ച കുട്ടികൾക്ക് സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |